# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **04-10-2021 - ൽ മറുപടിയ്ക്ക്**

**ക്രൈം No 454/സി.ആർ/എസ് 1/02**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന ക്രൈം നം. 454/ സി.ആർ/എസ് 1/02 എന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത കേസിൽ തുടരന്വേഷണം ആവശ്യമില്ല എന്ന് പോലീസ് ക്രൈംബ്രാഞ്ച് അറിയിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് 1 ൽ അന്വേഷണത്തിലിരിക്കുന്ന ക്രൈം നം 454/CB/CU-1/TVM/2002 u/s 65,76,78 of IT Act 2000 &17 (d), 51,63(B),64,69 of Copy Right Act 1957 & 378, 379, 380, 403, 411, 415, 417, 420 IPCപ്രകാരമുള്ള കേസ് Further Action Dropped ആയി ഫൈനൽ റിപ്പോർട്ട് തയ്യാറാക്കി ബഹു.നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി II മുൻപാകെ 30.03.2021 തീയതി സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | OP No 9071 of 2003 - ഹൈക്കോടതി വിധിയിൽ പ്രസ്തുത വിഷയത്തിൽ ദുരുദ്ദേശത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ചു എന്ന പരാമർശമുള്ള വ്യക്തി തന്നെ ആണ് കേസ് പിൻവലിക്കാൻ അഭ്യർഥിച്ച് കത്തയച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ് അന്വേഷണം അവസാനിപ്പിക്കുന്നതിനു പകരം ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കാൻ നിർദേശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി വ്യക്തമായിട്ടില്ലാത്തതിനാൽ കേസ് FAD ആയി പരിഗണിക്കുവാൻ അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹ കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ബഹു. കോടതിയുടെ നിർദ്ദേശ പ്രകാരം മാത്രമേ പ്രസ്തുത കേസ് പുനരന്വേഷണം നടത്താൻ സാധിക്കുകയുള്ളു. |
| (സി) | 2002-ൽ രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ് അന്വേഷണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; അവ എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത കേസ് 2007 മുതൽ 2018 വരെ SLP 6028/2007 (Civil Appeal No 79/2008) നമ്പരായി ബഹ സുപ്രീം കേടതിയുടെ പരിഗണനയിൽ ആയിരുന്നതിനാൽ ആ കാലയളവിൽ കേസ് അന്വേഷണ നടപടികൾ നടത്തുന്നതിനും അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ